**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2825** **22-01-2021 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജലസേചന വകുപ്പിലെ നിയമനങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. നിലവിൽ ഒഴിവുകൾ ഇല്ലാത്തതിനാലാണ് ജല സേചനവകുപ്പിലെ നിയമനങ്ങൾ വൈകുന്നത്. |
| (ബി) | 15/3/2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 161/2018/ജലവിഭവം പ്രകാരം സുനിത.എസ്-ന് ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കാത്തതിന്റെ കാരണം പരിശോധിക്കുമോ; | (ബി) | ജലസേചന വകുപ്പിൽ ചെങ്ങന്നൂർ എം.ഐ.ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കി വരവെ മരണപ്പെട്ട ശ്രീമതി. മീനാക്ഷി അമ്മസരസമ്മയുടെ മകളായ ശ്രീമതി. എസ്.സുനിത (രാജ്ഭവൻ, ചെങ്ങന്നൂർ, ആലപ്പുഴ) ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും 17/09/2018ലെ G.O(Ms)49/2018/WRD നമ്പർ ഉത്തരവ് പ്രകാരം ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിതനിയമനം വഴി നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി സുനിത ആശ്രിതനിയമനപദ്ധതി പ്രകാരമുള്ള നിയമനത്തിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം (06/04/2015) ആവശ്യമായ രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. ടി തീയതിക്കു ശേഷമാണ് ടിയാൾ രേഖകളെല്ലാം വാങ്ങിയിട്ടുള്ളത്. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളെല്ലാം ഉൾപ്പെടുത്തി സാധുവായ അപേക്ഷയാണ് നൽകേണ്ടതെന്ന് 24.05.1999-ലെ GO(P)No.12/99/P&ARD ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ശ്രീമതി. എസ്.സുനിത 06.04.15 -ന് സമർപ്പിച്ചിരുന്ന അപേക്ഷ സാധുവായ അപേക്ഷയായിരുന്നില്ല. എന്നിരുന്നാലും 15/03/2015ലെ G.O(Rt)161/2018/ജവിവ നമ്പർ ഉത്തരവ് പ്രകാരം ടിയാൾ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലയളവ് മാപ്പാക്കി ഉത്തരവായിട്ടുണ്ട്. ശ്രീമതി സുനിതയുടെ ജനന തീയതി 25.05.1979 ആയതിനാൽ 24.05.2015 - ൽ |

| | | | |
|---|---|---|---|
| | | | ടിയാൾക്ക് 36 വയസു പൂർത്തിയായിരുന്നു. നേരിട്ടുള്ള നിയമനത്തിന് പ്രതിപാദിച്ചിരിക്കുന്ന ഉയർന്ന പ്രായപരിധിയാണ് പാർട്ട് ടൈം സ്വീപ്പർ തസ്തിക ഒഴികെയുള്ള എല്ലാ തസ്തികയിലെയും ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളത്. ടിയാൾക്ക് 24.05.15-ൽ 36 വയസ് പൂർത്തിയായിരുന്നതിനാൽ ടിയാൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ക്ലർക്ക് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അർഹതയില്ലായിരുന്നു.ആയതിനാലാണ് 17/09/2018ലെ G.O(Ms)49/2018/WRD ഉത്തരവ് പ്രകാരം ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമന പദ്ധതിപ്രകാരം നിയമനം നൽകിയത്. |
| (സി) | ചെങ്ങന്നൂർ മൈനർ ഇറിഗേഷൻ പ്രോജക്ടിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്യുന്ന സുനിത.എസ്-ന് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുമോയെന്ന് അറിയിക്കാമോ? | (സി) | ആശ്രിതനിയമനം സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ പ്രകാരം ശ്രീമതി സുനിത എസ് ക്ലർക്ക് തസ്തികയിലേയ്ക്ക് നിയമനം നൽകുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ